മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉവ്വ്.

(ബി) രണ്ടു ഷാപ്പുകൾമാത്രം ഇപ്പോൾ ഗവൺമെണ്ടു് നേരിട്ടു നടത്തുന്നു. അതിൽ ഒന്നു് കവലയിലും മറേറതു കരിയാർകുറിയിലുമാണു്. ഇവ രണ്ടും Forest Department ആണു് നടത്തുന്നതു്.

(സി) ഗവൺമെണ്ടു് ഫെയർപ്രൈസ് ഷാപ്പുകൾ സഹകാരിവൃക്തികളെ ഏല്പിച്ചിട്ടില്ല.

ERNAKULAM AND KOTTAPPURAM LINE BOATS—LATE ARRIVAL AT CANAL JETTIES —ACTION REGARDING

244. മിസ്റ്റർ എം. കെ. വട്ടീസ്സു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) എറണാകുളത്തുനിന്നും കോട്ടപ്പുറത്തുനിന്നും പുറപ്പെടുന്ന ലൈൻ ബോട്ടുകൾ ഇടക്കുള്ള കനാൽ ജട്ടികളിൽ നിശ്ചിത സമയത്തു് എത്തിയില്ലെങ്കിൽ ആ ബോട്ടുകളുടെ ഉടമസ്ഥന്മാക്കോ പണിക്കാക്കോ എന്തെങ്കിലും ശിക്ഷ നൽകാറുണ്ടോ;

(ബി) എ-യുടെ ഉത്തരം ഉവ്വു് എന്നാണെങ്കിൽ എന്തു ശിക്ഷയാണു് നൽകാറുള്ളതു്?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ.

(എ) ഉവ്വു്.

(ബി) തക്കകാരണം കൂടാതെ സമയത്തിനു എത്തിയില്ലെങ്കിൽ ആ ജട്ടികളിൽ നിന്നു് യാത്രക്കാരെ എടുക്കുവാൻ അനുവദിക്കുന്നതല്ല.

DEPRESSED CLASSES—NAMES REGISTERED AT THE EMPLOYMENT EXCHANGE

245. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) എംപ്ലോയിമെൻറു് എക്സ്ചേഞ്ചു് ആഫീസ്സിൽ പേരു റജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള അധഃകൃതർ എത്രപേരുണ്ടു്;

(ബി) അവരിൽ എത്രപേരെ പബ്ലിക്കു് സർവ്വീസിൽ നിയമിച്ചിട്ടുണ്ടു്;

(സി) അവരിൽ സ്റ്റാഫു് സിലക്ഷൻ ബോർഡു് എത്രപേരെയാണു് നിയമിച്ചിട്ടുള്ളതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ൨൦൦.

(ബി) ൫൪.

(സി) ൨൭.

NUMBER OF VILLAGES HAVING NO ROADS, IN THE CHITTUR CONSTITUENCY

246. മിസ്റ്റർ ആർ. എസ്സു്. തേവണ്ണ കവുണ്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) ചിറ്റൂർ നിയോജകമണ്ഡലത്തിൽ റോഡുകൾ ഇല്ലാത്ത എത്ര വില്ലേജുകളുണ്ടു്;

(ബി) അവ ഏവ?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ:

(എ) നാലു്.

(ബി) ൧. തെക്കേ ദേശം.
൨. മഞ്ചിക്കണ്ടിപതി.
൩. ഒഴലപതി.
൪. ആട്ടപ്പതി.

LIBRARY ARCHIVES Kerala Legislative Assembly